

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് & ട്രെയിനിംഗ് - കേരള (സിമാറ്റ്)

ഓഡിറ്റ് റിപ്പോർട്ട് 2022-23

ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം

e-mail : lfadtvm@yahoo.in, dotvm.ksad@kerala.gov.in

നം. കെ.എസ്.എ.റ്റി.വി.എം/മിസ്.1/488/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം-695001.
Phone No : 0471-2331231
E-mail lfadtvm@yahoo.in
തീയതി : 20.03.2025

ജോയിന്റ് ഡയറക്ടർ

ഡയറക്ടർ,
സീമാറ്റ് കേരള.

സർ,

വിഷയം :- സീമാറ്റ് കേരളയുടെ 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അയയ്ക്കുന്നത് സംബന്ധിച്ച്.

*****

സീമാറ്റ് കേരളയുടെ 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ആവശ്യമായ തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷൻ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. കാര്യാലയ പ്രതി.

നം. കെ.എസ്.എ.റ്റി.വി.എം/മിസ്.1/488/2024 **തീയതി. 20.03.2025**

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് & ട്രെയിനിംഗ് – കേരള (സീമാറ്റ്)
2022–23 വർഷത്തെ വാർഷിക കണക്കിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും	ഹരികുമാർ. ജി. ജോയിന്റ് ഡയറക്ടർ
ഓഡിറ്റ് നടത്തിയ തീയതി	18.03.2024 മുതൽ 23.03.2024 വരെ
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം	ശ്രീ. സാബു. ജി. ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
	ശ്രീ. അഭിജിത്ത്. ആർ. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
	ശ്രീമതി പ്രീതാ ജാസ്മിൻ. ഡി. ആർ. സീനിയർ ഗ്രേഡ് ഓഡിറ്റർ
	ശ്രീമതി പ്രിയദർശിനി. എസ്. ആർ. ഓഡിറ്റർ
	ശ്രീ. നിധിൻ കുമാർ. പി. വി. ഓഡിറ്റർ

നിർവ്വഹണാധികാരികൾ

ഡയറക്ടർ	ഡോ. സാബു. എച്ച്. (01.04.22 മുതൽ 31.05.2022 വരെ)
	ശ്രീ. ബി. അബുരാജ് (അഡിഷണൽ ചാർജ്) (04.06.2022 മുതൽ 24.01.2023 വരെ)
	ഡോ. സുനിൽ വി. റ്റി. (25.01.2023 മുതൽ 31.03.2023 വരെ)
	01.06.2022 മുതൽ 03.06.2022 വരെ ഡയറക്ടർ തസ്തിക ഒഴിഞ്ഞുകിടന്നു.

ഭാഗം –1

പൊതു അവലോകനം

1-1 ഓഡിറ്റിന്റെ വ്യാപ്തി

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് & ട്രെയിനിംഗ് - കേരള (സീമാറ്റ്) യുടെ 2022-23 വർഷത്തെ വാർഷിക കണക്കുകൾ ഓഡിറ്റിന് വിധേയമാക്കി. സ്ഥാപനം ലഭ്യമാക്കിയ രേഖകളുടെയും സമർപ്പിച്ച മറുപടികളുടെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയത്. സ്ഥാപനം സമർപ്പിച്ച തെറ്റായ വിവരങ്ങളുടെ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റിന് യാതൊരു ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല.

1-2 ആമുഖം

തിരുവിതാംകൂർ - കൊച്ചി സയന്റിഫിക് ചാരിറ്റബിൾ സൊസൈറ്റി ആക്ട് 1955 പ്രകാരം സ്വതന്ത്ര പദവിയുള്ള സ്ഥാപനമായി [ജി.ഒ.(എം.എസ്) 17/2005/ജി.എഡ്യു. തീയതി 28.05.2005] സീമാറ്റ് - കേരള 21.07.2005 ൽ പ്രവർത്തനമാരംഭിച്ചു. ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പിന്റെ 18.11.2015 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 10000/15/ധന. ഉത്തരവ് പ്രകാരം സീമാറ്റിന്റെ ഓഡിറ്റ് നടത്തുന്നതിന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

1-3 പൊതു അവലോകനം

(1) സ്ഥാപനത്തിന്റെ ഘടന

സ്ഥാപനത്തിന്റെ ഭരണ ചുമതലയും നിയന്ത്രണവും എക്സിക്യൂട്ടീവ് കമ്മിറ്റി, ജനറൽ കൌൺസിൽ എന്നിവയിലാണ് നിക്ഷിപ്തമായിരിക്കുന്നത്. ജനറൽ കൗൺസിലിൽ ചെയർമാൻ, വൈസ് ചെയർമാൻ എന്നിവർ ഉൾപ്പെടെ 23 അംഗങ്ങളും എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവർ ഉൾപ്പെടെ 10 അംഗങ്ങളുമാണുള്ളത്. വർഷത്തിൽ കുറഞ്ഞത് രണ്ട് പ്രാവശ്യം ജനറൽ കൗൺസിൽ യോഗങ്ങളും (റൂൾ 13) മൂന്ന് മാസത്തിലൊരിക്കൽ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങളും (റൂൾ 31) കൂടേണ്ടതാണെന്ന് നിയമാവലിയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

(2) സ്ഥാപനത്തിന്റെ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും

വിദ്യഭ്യാസ ആസൂത്രണത്തിലും നിർവ്വഹണത്തിലും മികവിന്റെ കേന്ദ്രമായി പ്രവർത്തിക്കുകയെന്ന ലക്ഷ്യത്തോടെ സ്ഥാപിതമായ സീമാറ്റിന്റെ Memorandum of Association [G.O(MS) No.17/2005/ G.Edn Dtd 28.05.2005] ഖണ്ഡിക 4-ൽ പ്രതിപാദിക്കുന്ന ലക്ഷ്യങ്ങൾ പ്രകാരം വിദ്യാഭ്യാസ മേഖലയിലെ ഉദ്യോഗസ്ഥർ, അക്കാദമിക് - ഭരണതല ഉദ്യോഗസ്ഥർ എന്നിവർക്ക് പരിശീലനം നൽകേണ്ടതുണ്ട്. ജനപ്രതിനിധികളുൾപ്പെടെയുള്ള ഉന്നത വ്യക്തികൾക്ക് വിദ്യാഭ്യാസ ആസൂത്രണം, നയരൂപീകരണം, ഭരണ നിർവ്വഹണം എന്നിവയിൽ ഓറിയന്റേഷൻ പ്രോഗ്രാമുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കേണ്ടതുമുണ്ട്. പുസ്തകങ്ങൾ, ആനുകാലികങ്ങൾ, പ്രബന്ധങ്ങൾ എന്നിവ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതും സ്ഥാപനത്തിന്റെ ലക്ഷ്യത്തിലുൾപ്പെടുന്നു.

സ്ഥാപനത്തിന്റെ 2022-23 വർഷത്തെ വാർഷിക പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

- വിദ്യാഭ്യാസാസൂത്രണത്തിലും മാനേജ്മെന്റിലും മികവിന്റെ കേന്ദ്രമാക്കുക.
- ആസൂത്രണ നിർവഹണത്തിന്റെ ഗുണമേന്മ ഉയർത്തുക.
- വിദ്യാഭ്യാസ മാനേജ്മെന്റുമായി ബന്ധപ്പെട്ട കാര്യത്തിൽ സർക്കാരിനും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഉപദേശങ്ങൾ നൽകുക.
- മറ്റ് സംസ്ഥാന സർക്കാരുകളുടെയും വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും ആവശ്യപ്രകാരം വേണ്ട വിദഗ്ധ നിർദ്ദേശങ്ങൾ നൽകുക
- വിദ്യഭ്യാസ മേഖലയിലെ ആസൂത്രണവും നയരൂപീകരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വ്യക്തികൾക്ക് അക്കാദമികവും തൊഴിലധിഷ്ഠിതവുമായ നിർദേശങ്ങൾ നൽകുക.
- നൂതനമായ പദ്ധതികൾ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുക.
- സാങ്കേതിക വിഭവങ്ങളുടെ പരമാവധി ഉപഭോഗത്തിനായി മറ്റു സ്ഥാപനങ്ങളുടെ സഹായം ഉറപ്പുവരുത്തുക.
- മേൽ പറഞ്ഞ ലക്ഷ്യങ്ങൾ സാക്ഷാൽക്കരിക്കുന്നതിനായി ലേഖനങ്ങളും മാഗസിനുകളും ജേർണലുകളും പ്രസിദ്ധീകരിക്കുക.

2022-23 ൽ സീമാറ്റ് സംഘടിപ്പിച്ച പ്രധാന പരിശീലന പരിപാടികൾ

ക്രമ നം.	പ്രോഗ്രാമിന്റെ പേര്	പ്രോഗ്രാമിന്റെ എണ്ണം
1	ഗ്രോത്ര മേഖലയിലെ വിദ്യാഭ്യാസ പ്രശ്നങ്ങൾ എന്ന ഗവേഷണ പദ്ധതി	4
2	സ്കോളർഷിപ്പുമായി ബന്ധപ്പെട്ട കൈപ്പുസ്തകം - ഏകദിന ശിൽപശാല	1
3	എൽ.പി./യു.പി. പ്രഥമാധ്യാപകർക്കുള്ള അഡ്വാൻസ്ഡ് ലെവൽ പരിശീലനം - ദ്വിദിന മൊഡ്യൂൾ തയ്യാറാക്കൽ ശിൽപശാല	1
4	എൽ.പി./യു.പി. പ്രഥമാധ്യാപകർക്കുള്ള ത്രിദിന അഡ്വാൻസ്ഡ് ലെവൽ കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം	11
5	ഓഫീസ് അഡ്മിനിസ്ട്രേഷൻ - കേരള സ്റ്റേറ്റ് സാക്ഷരതാ മിഷൻ ജീവനക്കാർക്കുള്ള ഏകദിന ഓറിയന്റേഷൻ പ്രോഗ്രാം	2
6	എൽ.പി./യു.പി. പ്രഥമാധ്യാപകർക്കുള്ള അഡ്വാൻസ്ഡ് ലെവൽ കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം - ദ്വിദിന മൊഡ്യൂൾ വെറ്റിംഗ് ശിൽപശാല	1
7	ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കുള്ള ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാം - ത്രിദിന മൊഡ്യൂൾ തയ്യാറാക്കൽ ശിൽപശാല	1
8	ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കുള്ള അഡ്വാൻസ്ഡ് ലെവൽ ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാം - ഏകദിന ആസൂത്രണ ശിൽപശാല	2
9	ഹയർ സെക്കന്ററി വിഭാഗം മിനിസ്റ്റീരിയൽ സ്റ്റാഫ് അംഗങ്ങൾക്കുള്ള ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാം - ഏകദിന ആസൂത്രണ ശിൽപശാല	1

10	ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കുള്ള ഫൗണ്ടേഷൻ ലെവൽ ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാം - ഏകദിന ആസൂത്രണ ശിൽപശാല	
11	ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കുള്ള ഫൗണ്ടേഷൻ ലെവൽ ദ്വിദിന ഓൺലൈൻ ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാം.	3
12	ഹൈസ്കൂൾ പ്രഥമാധ്യാപകർക്കുള്ള അഡ്വാൻസ്ഡ് ലെവൽ കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം - ദ്വിദിന മൊഡ്യൂൾ തയ്യാറാക്കൽ ശിൽപശാല	1
13	ഹൈസ്കൂൾ പ്രഥമാധ്യാപകർക്കുള്ള ത്രിദിന അഡ്വാൻസ്ഡ് ലെവൽ റസിഡൻഷ്യൽ കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം	8
14	സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ ഫങ്ഷണൽ സ്കൂൾ ലീഡർഷിപ്പ് - ഏകദിന മൊഡ്യൂൾ മോഡിഫിക്കേഷൻ വർക്ക്ഷോപ്പ്	1
15	ഭരണ ഭാഷ മലയാള ഭാഷ - സെമിനാർ	1
16	ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കുള്ള അഡ്വാൻസ്ഡ് ലെവൽ പരിശീലനം - ദ്വിദിന മൊഡ്യൂൾ തയ്യാറാക്കൽ ശിൽപശാല	1
17	ABSOLUTE (ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കുള്ള ചതുർദിന അഡ്വാൻസ്ഡ് ലെവൽ പരിശീലനം)	9
18	PATH (വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം കരിയർ മാസ്റ്റർമാർക്കുള്ള ത്രിദിന റസിഡൻഷ്യൽ അഡ്വാൻസ്ഡ് ലെവൽ പരിശീലനം)	6
19	EVOLVE (പുതുതായി നിയമിതരായ എൽ.പി./യു.പി. പ്രഥമാധ്യാപകർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ പരിശീലനം)	3
20	കോർകമ്മിറ്റി - ത്രിദിന റസിഡൻഷ്യൽ എൽ.എസ്.ജി.ഡി. ഡാറ്റാ മാപ്പിംഗ് ശിൽപശാല	1

1-4 ബജറ്റ്

സീമാറ്റ് മെമ്മോറാൻഡം ഓഫ് അസോസിയേഷനിലെ ഖ.5(m) പ്രകാരം ബജറ്റ് തയ്യാറാക്കിയ ശേഷം ചെലവ് ചെയ്യേണ്ടതാണെന്നും, സീമാറ്റ് നിയമാവലിയിലെ റൂൾ (എച്ച്) പ്രകാരം സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ തന്നെ ഡയറക്ടർ സ്ഥാപനത്തിന്റ വാർഷിക ബജറ്റ് തയ്യാറാക്കേണ്ടതും, എക്സിക്യൂട്ടീവ് കമ്മറ്റിയുടെ അംഗീകാരം വാങ്ങേണ്ടതുമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 15.10.2022 ലാണ് എക്സിക്യൂട്ടീവ് കമ്മിറ്റി 2022-23 വർഷത്തിലെ ബജറ്റ് അംഗീകരിച്ചിട്ടുള്ളത്. ബജറ്റ് രൂപീകരണത്തിൽ ചട്ടങ്ങൾ പാലിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 8 നുള്ള മറുപടിയിൽ എല്ലാ വർഷവും സെപ്റ്റംബർ /ഒക്ടോബർ മാസത്തോടെ അടുത്ത സാമ്പത്തികവർഷത്തേക്കുള്ള സ്ഥാപനത്തിന്റെ ആനുവൽ പ്ലാൻ പ്രൊപ്പോസൽ തയ്യാറാക്കി ആസൂത്രണ ബോർഡിനും സർക്കാരിനും സമർപ്പിക്കുകയും, ഇതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന് ലഭിച്ചേക്കാവുന്ന ഗ്രാൻഡ്-ഇൻ-എയ്ഡ് ഫെബ്രുവരി മാസത്തിലെ സംസ്ഥാന ബഡ്ജറ്റിൽ അറിയുന്നതോടെ ഏപ്രിൽ ആദ്യവാരം തന്നെ ഭരണാനുമതിക്കുള്ള പ്രൊപ്പോസലും ചുവടുപിടിച്ച് ഇന്റേണൽ ബഡ്ജറ്റും തയ്യാറാക്കുകയും ചെയ്യാറുണ്ടെന്ന് അറിയിച്ചിരിക്കുന്നു. ബന്ധപ്പെട്ട സാമ്പത്തിക വർഷത്തിൽ ആദ്യം ചേരുന്ന എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിലും ജനറൽ കൗൺസിലിലും വച്ച് ഇന്റേർണൽ ബഡ്ജറ്റിന് അംഗീകാരം വാങ്ങുമെന്നും അനൗദ്യോഗിക അംഗങ്ങളെ ഉൾപ്പെടുത്തി സമിതികൾ പുന:സംഘടിപ്പിച്ചു ഉത്തരവ് ഇറക്കാനുള്ള കാലതാമസം മൂലം 2022-23 സാമ്പത്തിക വർഷത്തിൽ ആദ്യമായി എക്സിക്യൂട്ടീവ് കമ്മിറ്റി യോഗവും ജനറൽ കൗൺസിൽ യോഗവും ചേർന്നത് 15/10/2022ൽ ആയിരുന്നുവെന്നുമാണ് മറുപടിയിൽ അറിയിച്ചിരിക്കുന്നത് . NIEPA (National Institute of Educational Planning and Administration) ധനസഹായത്തോടെ ഇൻസ്റ്റിറ്റ്യൂട്ട് നടപ്പിലാക്കി വരുന്ന സ്കൂൾ ലീഡർഷിപ് അക്കാദമി -കേരളയുടെ(SLAK) ഫണ്ട് വിനിയോഗം NIEPAയുടെ മാർഗ്ഗനിർദേശങ്ങൾക്ക് അനുസരിച്ച് ചെയ്യ വരുന്നതിനാൽ SLAKനായി പ്രത്യേക ബഡ്ജറ്റിങ് നടത്തുന്നതിൽ പ്രസക്തി ഇല്ലെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ നിയമാവലിയിലെ ചട്ടങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-5 ഗ്രാന്റ് തുക പൂർണ്ണമായും വിനിയോഗിക്കുന്നില്ല

സീമാറ്റിന് 2022-23 ലഭിച്ച ഗ്രാന്റുകൾ പരിശോധിച്ചതിൽ വിവിധ ഗ്രാന്റ് തുകകളുടെ വിനിയോഗം തൃപ്തികരമല്ല എന്ന് കാണുന്നു. സ്ഥാപനത്തിന് ലഭിച്ച ഗ്രാന്റുകൾ ഭാഗികമായി വിനിയോഗിച്ച ശേഷം ബാക്കി അക്കൗണ്ടിൽ സൂക്ഷിക്കുകയോ തിരികെ ഒടുക്കുവരുത്തുകയോ ചെയ്യുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനം	ലഭിച്ച തുക	വിനിയോഗിച്ച തുക	ബാക്കി തുക	റിമാർക്സ്
1	സർക്കാർ ഗ്രാന്റ്	2,48,00,000	2,31,60,540	16,39,460	10,13,545 രൂപ അക്കൌണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. ബാക്കി തുകയായ6,25,915/- തിരികെ ഒടുക്കുവരുത്തി
2	Grant in aid from SSK &STARS	80,00,000	41,792	79,58,208	ബാക്കി തുക SBഅക്കൌണ്ടിൽ സൂക്ഷിച്ചിരിക്കുന്നു
3	HSS Grant in aid	20,00,000	0	20,00,000	22.11.23 ൽ തുക തിരികെ ഒടുക്കുവരുത്തി
4	Grant in aid from VHSE	10,00,000	0	10,00,000	12.03.24 ൽ തുക തിരികെ ഒടുക്കുവരുത്തി
5	Grant in aid from NIEPA	7,35,000	5,19,353	2,15,647	03.07.23 ൽ തുക തിരികെ ഒടുക്കുവരുത്തി
6	Grant from Saksharatha Mission	38,154	38,154	0	പൂർണ്ണമായും ചെലവഴിച്ചു

മേൽ ഗ്രാന്റുകളിൽ ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കൻഡറി വിഭാഗത്തിൽ ഗ്രാന്റ് ലഭിച്ചതിൽ തുകയൊന്നും തന്നെ ചെലവഴിക്കാതെ തിരികെ ഒടുക്കുവരുത്തുകയുണ്ടായി. HSS Grant ആയി 24.03.23 ൽ ലഭിച്ച 20,00,000 രൂപയും പലിശ തുകയായ 27,000/- രൂപയും ഉൾപ്പെടെ ആകെ 20,27,000/- രൂപ 22.11.23 ൽ ഹയർസെക്കൻഡറി വിഭാഗത്തിന് തിരികെ ഒടുക്കുവരുത്തി. VHSE Grant ആയി 18.03.23 ൽ ലഭിച്ച 10,00,000/- രൂപയും മുൻ പരിശീലന പരിപാടികളിലെ നീക്കിയിരിപ്പു തുകയായ 26,017/- രൂപയും ഉൾപ്പെടെ ആകെ 10,26,017/- രൂപ 12.03.24 ൽ വൊക്കേഷണൽ ഹയർസെക്കൻഡറി വിഭാഗത്തിന് തിരികെ ഒടുക്കുവരുത്തി.

പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിൽ വ്യക്തമായ ആസൂത്രണത്തിന്റെ അഭാവം കാരണമാണ് ഇത്തരത്തിൽ ഗ്രാന്റ് ലഭിച്ച തുക തിരികെ ഒടുക്കു വരുത്തുന്നതിന് കാരണമാകുന്നത് എന്ന് കാണുന്നു. ഉദാഹരണമായി ഫയൽ നം Ad B2/712/22 പരിശോധിച്ചതിൽ 10.11.2022 ൽ മാത്രമാണ് പരിശീലന പരിപാടികൾക്കായി ഹയർസെക്കൻഡറി വിഭാഗം, അക്കാഡമിക് വിഭാഗം ജോയിന്റ് ഡയറക്ടർക്ക് സീമാറ്റിൽ നിന്നും പ്രൊപ്പോസൽ നൽകിയിട്ടുള്ളത്. ഫയൽ നം Ad B2/896/SIEMAT/2022 പരിശോധിച്ചതിൽ, വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ 17.10.22 ൽ മാത്രമാണ് VHSE കരിയർ & കൌൺസിലിംഗ് മാസ്റ്റർമാർക്ക് 2022-23 ൽ പരിശീലനം നൽകുന്നതിനെക്കുറിച്ച് 20.12.22 ൽ യോഗം ചേരുന്നത് സംബന്ധിച്ച് പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് സീമാറ്റിൽ നിന്നും കത്ത് നൽകിയിരിക്കുന്നത്. SSK വഴി ലഭിച്ച ഗ്രാന്റ് തുകയായ 80,00,000രൂപയിൽ നാമമാത്രമായ തുക മാത്രമാണ് ചെലവഴിച്ചത്. ബാക്കി തുകയായ 79,58,208/- രൂപ വരും വർഷം ചെലവഴിക്കുനതിനായി അക്കൌണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. പരിശീലന പരിപാടികൾക്ക് സർക്കാരിൽ നിന്നും മറ്റ് വകുപ്പുകളിൽ/ഏജൻസികളിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ ഫലപ്രദമായി അതാത് വർഷം തന്നെ വിനിയോഗിക്കുന്നതിന് സ്ഥാപനം കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്. ജനറൽ കൌൺസിലിന്റെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

1-6 ജനറൽ കൗൺസിലും എക്സിക്യൂട്ടീവ് കമ്മിറ്റിയും യഥാസമയം യോഗം ചേരുന്നില്ല

സീമാറ്റിന്റെ നിയമാവലി പ്രകാരം വർഷത്തിൽ കുറഞ്ഞത് രണ്ട് പ്രാവശ്യം ജനറൽ കൗൺസിൽ യോഗങ്ങളും (റൂൾ 13) മൂന്ന് മാസത്തിലൊരിക്കൽ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങളും (റൂൾ 31) കൂടേണ്ടതാണ്. എന്നാൽ 2022-23 ലെ മിനിട്സ് ബുക്കുകൾ പരിശോധിച്ചതിൽ എക്സിക്യൂട്ടീവ് കമ്മിറ്റി 15.10.2022, 28.03.2023 എന്നീ തീയതികളിലും ജനറൽ കൗൺസിൽ 15.10.2022 ൽ മാത്രവുമാണ് യോഗം ചേർന്നിട്ടുള്ളത്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.2/20.03.24) ലഭ്യമാക്കിയ മറുപടിയിൽ ബൈലാ പ്രകാരം 3 വർഷമാണ് ഇരു സമിതികളുടെയും അനൌദ്യോഗിക അംഗങ്ങളുടെ കാലയളവ് എന്നും 3 വർഷം പൂർത്തിയായതിനെതുടർന്ന് ജനറൽ കൗൺസിലും എക്സിക്യൂട്ടീവ് കമ്മിറ്റിയും പുനസംഘടിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് 20.07.21, 04.12.21 എന്നീ തീയതികളിൽ കത്ത് നൽകിയെങ്കിലും കമ്മിറ്റികൾ പുനസംഘടിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചത് 07.07.22 ൽ മാത്രമാണ് എന്നും ആയതിനാലാണ് യോഗങ്ങൾ ചേരുന്നതിന് കാലതാമസമെന്നും അറിയിച്ചു. വരും വർഷങ്ങളിൽ നിയമാവലിയിൽ നിഷ്കർഷിക്കുന്നത് പ്രകാരം കമ്മിറ്റികൾ യോഗം ചേരുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-7 പരിശീലന പരിപാടി-അധികമായി നൽകിയ റെമ്യൂണറേഷൻ തിരികെ ഈടാക്കേണ്ടതാണ്.

കരിയർ മാസ്റ്റർമാർക്കുള്ള ബാച്ച് I, II ത്രിദിന അഡ്വാൻസ്ഡ് ലെവൽ റെസിഡൻഷ്യൽ പരിശീലന പരിപാടി (PATH) 2023 ജനുവരി 23, 24, 25 തീയതികളിൽ തിരുവനന്തപുരം മൺവിളയിലുള്ള അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിട്യൂട്ടിൽ വച്ച് നടന്നിട്ടുണ്ട്. പ്രസ്തുത പരിപാടിയുടെ ഫയൽ പരിശോധിച്ചതിൽ 23.01.23 തീയതിയിലെ 11:30 AM-1 PM സെക്ഷൻ രണ്ട് ബാച്ചിലും കൈകാര്യം ചെയ്തിരിക്കുന്നത് ഒരേവ്യക്തിയാണെന്നും (Sri. Biju Simon, Director, Ether India), പ്രസ്തുത വ്യക്തി ഇതിനു രണ്ട് പ്രോഗ്രാമിലും റെമ്യൂണറേഷൻ കൈപറ്റിയിട്ടുണ്ടെന്നും ബോധ്യപെട്ടിട്ടുണ്ട്. ഒരേ വ്യക്തി ഒരേ സമയം രണ്ട് ബാച്ചിൽ സെക്ഷൻ കൈകാര്യം ചെയ്തതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 5/21.03.2024ന്റെ മറുപടിയിൽ കരിയർ മാസ്റ്റർമാരുടെ I, II ബാച്ചുകൾക്ക് വേണ്ടി ജനുവരി 23ന സംഘടിപ്പിച്ച പ്രസ്തുത സെക്ഷൻ കോമൺ ആയിരുന്നെന്നും റെമ്യൂണറേഷൻ നൽകിയപ്പോൾ ഉണ്ടായ നോട്ടപ്പിശകുമൂലമാണ് ബിജു സൈമണ് രണ്ടു ബാച്ചിലും റെമ്യൂണറേഷൻ നൽകാനിടയായതുമെന്നാണ് അറിയിച്ചിരിക്കുന്നത്. ഇത്തരത്തിൽ രണ്ടു ബാച്ചുകൾക്ക് ഒരുമിച്ച് സെക്ഷൻ സംഘടിപ്പിക്കുമ്പോൾ 2 ആർ.പി. മാരെ നിയോഗിക്കാറുണ്ടെന്നും എന്നാൽ പ്രസ്തുത സെക്ഷൻ കൈകാര്യം ചെയ്ത സഹ ആർ.പി യുടെ പേര് റിക്കാർഡ് ചെയ്യപ്പെട്ടതായി കാണുന്നില്ല എന്നുമാണ് മറുപടിയിൽ അറിയിച്ചിരിക്കുന്നത്. ചെക്ക് നം. 164241/ 16.03.2023 പ്രകാരം 1500/- രൂപയാണ് അധികമായി റെമ്യൂണറേഷനായി നൽകിയത്. 2023-24 സാമ്പത്തിക വർഷത്തിൽ സംഘടിപ്പിക്കുന്ന പരിപാടികളിൽ നിന്നും ടിയാന് അധികമായി നൽകിയ പ്രസ്തുത റെമ്യൂണറേഷൻ തുക കിഴിക്കുന്നതാണെന്നാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്. ടി മറുപടി അംഗീകരിക്കുന്നില്ല. അധികമായി നൽകിയ തുക തിരികെ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-8 എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് കോർപ്പറേഷന് പിഴ പലിശയായി 1,61,676 രൂപ നൽകി

വൗച്ചർ നമ്പർ 445, ഉത്തരവ് നമ്പർ സീമാറ്റ്/എഡി.എ2/73/2017 തീയതി.21.12.2022 പ്രകാരം 1,61,676/- രൂപ എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് കോർപ്പറേഷന് പിഴ പലിശ ഇനത്തിൽ നൽകിയിട്ടുണ്ട്.

എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് കോർപ്പറേഷന്റെ 20.04.2022 ലെ 78000322960001399/REC/SROT കത്ത് പ്രകാരം 03/2011 മുതൽ 10/2012 വരെയുള്ള കുടിശ്ശികയുടെ പിഴ പലിശയാണ് 1,61,676/- രൂപ. പിഴ പലിശ നൽകാനുണ്ടായ സാഹചര്യം വ്യക്തമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണം 3/19.03.2024 ന് 22.03.2024 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം ഇല്ലാതെ 02.10.2011 ന് ഇ.എസ്.ഐ അംഗത്വം ആരംഭിക്കുന്നതിന് ഉപദേശം തേടി ഇ.എസ്.ഐ ക്ക് കത്ത് നൽകുകയും 16.10.2012 ലെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം 14 പ്രകാരം ഇ.എസ്.ഐ യിൽ ജീവനക്കാരെ ഉൾപ്പെടുത്തുന്നതിന് വീണ്ടും ഇ.എസ്.ഐ ക്ക് കത്ത് നൽകുകയും ചെയ്തു. ജീവനക്കാർക്ക് ഇ.എസ്.ഐ അംഗത്വം നൽകിയ ശേഷം ആദ്യം അപേക്ഷ നൽകിയതിന്റെ തൊട്ടടുത്ത മാസമായ 03/2011 മുതൽ 10/2012 വരെയുള്ള ജീവനക്കാരുടെ സബ്സ്ക്രിപ്ഷൻ തുകയും പിഴ പലിശയും ഒടുക്കുവാനായി എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് കോർപ്പറേഷൻ ആവശ്യപ്പെടുകയും ചെയ്തു. തുടർന്ന് 03/2011 മുതൽ 10/2012 വരെയുള്ള എംപ്ലോയീ കോൺട്രിബ്യൂഷൻ തുക ഒടുക്കുകയും മേൽ കാലയവിലെ പിഴ പലിശയായ 1,61,676 രൂപ ഒഴിവാക്കി നൽകണമെന്ന് എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് കോർപ്പറേഷനോട് അപേക്ഷിച്ചെങ്കിലും തുക ഒടുക്കണമെന്നും പിഴ പലിശ ഒഴിവാക്കാൻ നിർവ്വാഹമില്ലെന്നും ഇ.എസ്.ഐ. അറിയിച്ചതിനെ തുടർന്ന് 15.10.2022 ൽ കൂടിയ 28-ാമത് എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാന പ്രകാരം പിഴ പലിശ ഇനത്തിൽ 1,61,6761/- രൂപ ഒടുക്കാനായി നിർദ്ദേശിക്കുകയും തുക ഒടുക്കുകയും ചെയ്തു.

എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനമെടുക്കാതെ ജീവനക്കാർക്ക് ഇ.എസ്.ഐ അംഗത്വം ആരംഭിക്കുന്നതിനായി കത്തയച്ചതും തുടർന്ന് എക്സിക്യൂട്ടീവ് കമ്മറ്റി കൂടി ഇ.എസ്.ഐ അംഗത്വം ആരംഭിക്കുന്നത് അംഗീകാരം നൽകുന്നതിനുമായി ഒന്നര വർഷത്തോളം കാലതാമസം നേരിട്ടതിനാലുമാണ് ഭീമമായ തുക പിഴ പലിശ ഇനത്തിൽ ഒടുക്കേണ്ടതായി വന്നത്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കാനായി ശ്രദ്ധിക്കേണ്ടതാണ്.

1-9 ജി.എസ്.ടി രജിസ്ട്രേഷൻ

2017 -ലെ സി.ജി.എസ്.ടി ആക്ട് സെക്ഷൻ 51(1) -ൽ വിതരണത്തിന്റെ ആകെ മൂല്യം 2.50 ലക്ഷം രൂപയിൽ അധികരിക്കുന്ന സാധനങ്ങളുടെ/സേവനങ്ങളുടെ വാങ്ങലുകളിൽ, കരാറുകാരുടെ ബില്ലുകളിൽ സ്രോതസിൽ നിന്നും 1% തുക കുറവ് ചെയ്യാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എസ്.ജി.എസ്.ടി ആക്ട് 2017 - ലെ സെക്ഷൻ 51(1) -ലും സമാന വ്യവസ്ഥയുണ്ട്. ആയതിനാൽ ആകെ മൂല്യം 2.50 ലക്ഷം രൂപയിൽ അധികരിക്കുന്ന സാധനങ്ങളുടെ/സേവനങ്ങളുടെ വാങ്ങലുകളിൽ സി.ജി.എസ്.ടി, എസ്.ജി.എസ്.ടി ഇനങ്ങളിൽ 1% വീതം (ആകെ 2%) സ്രോതസിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്. സർക്കാർ ഉത്തരവ് നമ്പർ GO(P) 162/2018/Fin തീയതി.22.10.2018 പ്രകാരം എല്ലാ സർക്കാർ വകുപ്പുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സ്വയംഭരണ സ്ഥാപനങ്ങൾക്കും ജി.എസ്.ടി നിയമം ബാധകമാണ്.

പരിശീലന പരിപാടികളുമായി ബന്ധപ്പെട്ട വീഡിയോ തയ്യാറാക്കിയതിൽ 4,01,407/- രൂപ എസ്.ഐ.ഇ.ടി എന്ന

സ്ഥാപനത്തിന് നൽകിയിട്ടുണ്ട് (ഉത്തരവ് നമ്പർ സീമാറ്റ്/എഡി.ബി2/652/2022 തീയതി.22/03/2023,വൗച്ചർ നമ്പർ 620). മേൽപ്പറഞ്ഞ വാങ്ങലിൽ ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണം.6/21.03.2024 നുള്ള മറുപടിയിൽ 08.06.2018 ലെ ജി.എസ്.ടി കമ്മിഷണറുടെ CT/3277/201/-C3 കത്ത് പ്രകാരം in service പരിശീലനം ഫീസ് ഈടാക്കാതെ നൽകുന്ന സ്ഥാപനമായതിനാൽ ജി.എസ്.ടി രജിസ്ട്രേഷൻ ആവശ്യമില്ല എന്ന് അറിയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

പരിശീലന പരിപാടികൾ ഫീസ് ഈടാക്കാതെ നടത്തുന്നതിന് ജി.എസ്.ടി രജിസ്ട്രേഷൻ ആവശ്യമില്ല. എന്നാൽ സ്ഥാപനം നടത്തുന്ന 2,50,000/- രൂപയിൽ അധികരിക്കുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങലുകൾക്ക് ജി.എസ്.ടി രജിസ്ട്രേഷൻ ആവശ്യമാണ്. ആയതിനാൽ ജി.എസ്.ടി രജിസ്ട്രേഷൻ എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-10 പരിശീലന പരിപാടികളുമായി ബന്ധപ്പെട്ട വീഡിയോ തയ്യാറാക്കിയതിന് അധിക നിരക്ക് അനുവദിച്ചു

പരിശീലന പരിപാടികളുമായി ബന്ധപ്പെട്ട വീഡിയോ തയ്യാറാക്കിയതിൽ 4,01,407/- രൂപ എസ്.ഐ.ഇ.ടി എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട് (ഉത്തരവ് നമ്പർ സീമാറ്റ്/എഡി.ബി2/652/2022 തീയതി. 22/03/2023, വൗച്ചർ നമ്പർ 620). എസ്.ഐ.ഇ.ടി യുടെ 23.12.2017 ലെ 171/SIET/RF/2017 ഉത്തരവ് പ്രകാരം 20 മിനുട്ട് ദൈർഘ്യമുള്ള Narrative video നിർമ്മിക്കുന്നതിന് 25,000/- രൂപയും 24 മിനുട്ട് ദൈർഘ്യമുള്ള ഡോക്യുമെന്ററി വീഡിയോ നിർമ്മിക്കുന്നതിന് 60,000/- രൂപയുമാണ് നിരക്ക്. 25 മിനുട്ട് ദൈർഘ്യമുള്ള Right to Information വീഡിയോ തയ്യാറാക്കുന്നതിനായി ഡോക്യുമെന്ററി വീഡിയോയുടെ ചാർജായ 60,000/- രൂപയാണ് ഈടാക്കിയിട്ടുള്ളത്. എന്നാൽ സീമാറ്റ് യൂട്യൂബ് ചാനലിൽ അപ് ലോഡ് ചെയ്തിട്ടുള്ള മേൽപ്പറഞ്ഞ23 മിനുട്ട് 34 സെക്കന്റ് ദൈർഘ്യമുള്ള വീഡിയോയിൽ ആദ്യ 2 മിനിട്ട് 25 സെക്കന്റ് ഡോക്യുമെന്ററി ഇനത്തിലുള്ളതും ബാക്കി Narrative video ഇനത്തിലുള്ളതുമാണ്. Narrative video നിർമ്മിക്കുന്നതിനുള്ള നിരക്കിന് പകരം ഡോക്യുമെന്ററി വീഡിയോ നിർമ്മിക്കുന്നതിനുള്ള അധിക നിരക്ക് നൽകിയതിനുള്ള കാരണം വ്യക്തമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണം.7/21.03.2024 നുള്ള മറുപടിയിൽ വീഡിയോയ്ക്ക് അടിസ്ഥാനപരമായി ഡോക്യുമെന്ററി സ്വഭാവമുള്ളതിനാൽ SIET ബിൽ പ്രകാരം ആവശ്യപ്പെട്ട തുക നൽകുകയായിരുന്നു എന്ന് വ്യക്തമാക്കിയിട്ടുണ്ട്. വീഡിയോ നിർമാണത്തിനായി അധിക തുക ചെലവാക്കിയോ എന്നത് പരിശോധനാ വിധേയമാക്കേണ്ടതാണ്.

1-11 കരാർ ജീവനക്കാർക്ക് കാലാവധി നീട്ടി നൽകിയതിന് സർക്കാർ സാധൂകരണം ലഭ്യമായില്ല

സ്ഥാപനത്തിലെ ഡയറക്ടർ ഒഴികെയുള്ള എല്ലാ തസ്തികകളിലും നിയമനം നടത്തുന്നത് കരാർ വ്യവസ്ഥയിലാണ്. കരാർ ജീവനക്കാർക്ക് കാലാവധി നീട്ടി നൽകുന്നതിനായി എക്സിക്യൂട്ടീവ് കമ്മറ്റിയിൽ തീരുമാനമെടുത്ത ശേഷം ആയതിനുള്ള സർക്കാർ സാധൂകരണം വാങ്ങിയാണ് കാലാവധി നീട്ടി നൽകുന്നത്. സ്ഥാപനത്തിലെ കരാർ ജീവനക്കാരുടെ കാലാവധി നീട്ടി നൽകിയത് സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	ജീവനക്കാരന്റെ/ ജീവനക്കാരിയുടെ പേര്	സേവനത്തിൽ പ്രവേശിച്ച തീയതി	തസ്തിക	കാലാവധി	എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനം
1	ശ്രീ.സുരേഷ് ബാബു.എ	27.02.2020	അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ	05.01.2024 മുതൽ 04.01.2025 വരെ	23.02.2024 ലെ 30 ാമത് എക്സിക്യൂട്ടീവ് കമ്മറ്റിയുടെ തീരുമാനം
2	ശ്രീ.മാർട്ടിൻ ജിക്സ്	04.04.2020	അക്കൗണ്ട്സ് ഓഫീസർ	04.04.2023 മുതൽ 03.04.2024 വരെ	28.03.2023 ലെ 29 ാമത് എക്സിക്യൂട്ടീവ് കമ്മറ്റിയുടെ തീരുമാനം
3	ഡോ.അനന്തകുമാർ	23.07.2018	റിസർച്ച് ഓഫീസർ	23.07.2023 മുതൽ 22.07.2024 വരെ	23.02.2024 ലെ 30 ാമത് എക്സിക്യൂട്ടീവ് കമ്മറ്റിയുടെ തീരുമാനം
4	ഡോ.അരുണ.സി.ആർ	21.02.2022	റിസർച്ച് ഓഫീസർ	17.02.2024	23.02.2024 ലെ 30

				മുതൽ 16.02.2025 വരെ	ാമത് എക്സികൃട്ടീവ് കമ്മറ്റിയുടെ തീരുമാനം
5	ഡോ.സോണി.പി	16.11.2019	റിസർച്ച് ഓഫീസർ	15.11.2023 മുതൽ 14.11.2024 വരെ	23.02.2024 ലെ 30 ാമത് എക്സികൃട്ടീവ് കമ്മറ്റിയുടെ തീരുമാനം
6	ഡോ.അനുപമമോൾ	23.07.2018	റിസർച്ച് ഓഫീസർ	23.07.2023 മുതൽ 22.07.2024 വരെ	23.02.2024 ലെ 30 ാമത് എക്സികൃട്ടീവ് കമ്മറ്റിയുടെ തീരുമാനം
7	ശ്രീ.നിതിൻ.പി	04.01.2021	ജൂനിയർ കൺസൾട്ടന്റ്	03.01.2024 മുതൽ 02.01.2025 വരെ	23.02.2024 ലെ 30 ാമത് എക്സികൃട്ടീവ് കമ്മറ്റിയുടെ തീരുമാനം
8	ശ്രീമതി.നളിനി.എസ്	21.07.2005	സീനിയർ സൂപ്രണ്ട്	01.04.2023 മുതൽ 31.03.2024 വരെ	28.03.2023ലെ 29 ാമത് എക്സികൃട്ടീവ് കമ്മറ്റിയുടെ തീരുമാനം
9	ശ്രീമതി.നൈസി.എൻ	24.09.2007	സൂപ്രണ്ട്	01.04.2023 മുതൽ 31.03.2024 വരെ	28.03.2023ലെ 29 ാമത് എക്സികൃട്ടീവ് കമ്മറ്റിയുടെ തീരുമാനം
10	ശ്രീമതി.രത്നമണി.ബി	24.09.2007	സൂപ്രണ്ട്	01.04.2023 മുതൽ 31.03.2024 വരെ	28.03.2023ലെ 29 ാമത് എക്സികൃട്ടീവ് കമ്മറ്റിയുടെ തീരുമാനം
11	ശ്രീ.ശോജിദ്.ടി	21.05.2018	അസിസ്റ്റന്റ്	21.05.2023 മുതൽ 20.05.2024 വരെ	28.03.2023ലെ 29 ാമത് എക്സികൃട്ടീവ് കമ്മറ്റിയുടെ തീരുമാനം
12	ശ്രീമതി.മിനു.എം	23.05.2018	അസിസ്റ്റന്റ്	23.05.2023 മുതൽ 22.05.2024 വരെ	28.03.2023ലെ 29 ാമത് എക്സികൃട്ടീവ് കമ്മറ്റിയുടെ തീരുമാനം
13	ശ്രീമതി.നിമ്മി.യു	01.11.2018	അസിസ്റ്റന്റ്	31.10.2023 മുതൽ 30.10.2024 വരെ	23.02.2024 ലെ 30 ാമത് എക്സികൃട്ടീവ് കമ്മറ്റിയുടെ തീരുമാനം
14	ശ്രീ.പ്രശാന്ത്.ഐ	13.112019	ടെക്നിക്കൽ അസിസ്റ്റന്റ് കം പി.എ ടു ഡയറകൂർ	01.04.2023 മുതൽ 31.03.2024 വരെ	28.03.2023 ലെ 29 ാമത് എക്സികൃട്ടീവ് കമ്മറ്റിയുടെ തീരുമാനം
15	ശ്രീമതി.ദിവ്യ.എസ്.വി	24.09.2007	അസിസ്റ്റന്റ്	12.11.2023 മുതൽ 11.11.2024 വരെ	23.02.2024 ലെ 30 ാമത് എക്സികൃട്ടീവ് കമ്മറ്റിയുടെ തീരുമാനം
16	ശ്രീ.ഹരീഷ് കൃഷ്ണൻ.ജി.എസ്	16.03.2008	അസിസ്റ്റന്റ്	01.04.2023 മുതൽ	28.03.2023 ലെ 29 ാമത് എക്സികൃട്ടീവ്

				31.03.2024 വരെ	കമ്മറ്റിയുടെ തീരുമാനം
17	ശ്രീമതി.ആശാറാണി.ആർ	18.08.2010	അസിസ്റ്റന്റ്	01.04.2023 മുതൽ 31.03.2024 വരെ	28.03.2023 ലെ 29 ാമത് എക്സിക്യൂട്ടീവ് കമ്മറ്റിയുടെ തീരുമാനം
18	ശ്രീ.സന്തോഷ്.ആർ	31.05.2011	ഡാറ്റ എൻട്രി ഓപ്പറേറ്റർ	01.04.2023 മുതൽ 31.03.2024 വരെ	28.03.2023 ലെ 29 ാമത് എക്സിക്യൂട്ടീവ് കമ്മറ്റിയുടെ തീരുമാനം
19	ശ്രീ.അരുൺ.എസ്	30.12.2016	ഡാറ്റ എൻട്രി ഓപ്പറേറ്റർ	29.12.2023 മുതൽ 28.12.2024 വരെ	23.02.2024 ലെ 30 ാമത് എക്സിക്യൂട്ടീവ് കമ്മറ്റിയുടെ തീരുമാനം
20	ശ്രീമതി.നിഷ.റ്റി.പി	03.01.2017	ഡാറ്റ എൻട്രി ഓപ്പറേറ്റർ	02.01.2024 മുതൽ 01.01.2025 വരെ	23.02.2024 ലെ 30 ാമത് എക്സിക്യൂട്ടീവ് കമ്മറ്റിയുടെ തീരുമാനം
21	ശ്രീ.പ്രദു.കെ	27.11.2021	മൾട്ടി ടാസ്കിംഗ് അറ്റന്റർ	26.11.2023 മുതൽ 25.11.2024 വരെ	23.02.2024 ലെ 30 ാമത് എക്സിക്യൂട്ടീവ് കമ്മറ്റിയുടെ തീരുമാനം
22	ശ്രീ.അനരാജ്.എം.ആർ	27.11.2021	മൾട്ടി ടാസ്കിംഗ് അറ്റന്റർ	26.11.2023 മുതൽ 25.11.2024 വരെ	23.02.2024 ലെ 30 ാമത് എക്സിക്യൂട്ടീവ് കമ്മറ്റിയുടെ തീരുമാനം
23	ശ്രീമതി.പ്രഭകുമാരി.റ്റി	23.05.2006	അറ്റന്റന്റ്	01.04.2023 മുതൽ 31.03.2024 വരെ	28.03.2023 ലെ 29 ാമത് എക്സിക്യൂട്ടീവ് കമ്മറ്റിയുടെ തീരുമാനം
24	ശ്രീമതി.ബീന.സി	04.07.2006	ഫുൾ ടൈം സ്വീപ്പർ	01.04.2023 മുതൽ 31.03.2024 വരെ	28.03.2023 ലെ 29 ാമത് എക്സിക്യൂട്ടീവ് കമ്മറ്റിയുടെ തീരുമാനം

മേൽ ജീവനക്കാരുടെ കാലാവധി നീട്ടി നൽകിയതിന് സർക്കാർഅംഗീകാരം ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം.10/23.03.2024 നുള്ള മറുപടിയിൽ സർക്കാർ അംഗീകാരത്തിനായി കത്ത് നൽകിയിട്ടുണ്ടെന്നും എന്നാൽ അംഗീകാരം ലഭിച്ചിട്ടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഫയൽ പരിശോധനയിൽ മേൽപ്പറഞ്ഞ ജീവനക്കാരുടെ മുൻപുള്ള കാലാവധി നീട്ടി നൽകിയ പല സേവന കാലയളവുകൾക്കും സർക്കാർ സാധൂകരണം ലഭിച്ചിട്ടില്ല എന്ന് വ്യക്തമായിട്ടുണ്ട്. എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് കാലാവധി നീട്ടി നൽകുന്നത്. കരാർ ജീവനക്കാർക്ക് കാലാവധി നീട്ടി നൽകിയതിന് സർക്കാർ സാധൂകരണം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12 ലീഗൽ കൺസൾട്ടന്റിന്റെ നിയമനം-സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്

01/09/2018 ലെ സീമാറ്റ്/എഡിഎ2/3123/2018 നടപടിക്രമം പ്രകാരം സീമാറ്റിൽ നിയമോപദേഷ്ടാവായി നിയമിച്ച ശ്രീ.ജ്യോതിചൂഡൻ.ജി, റിട്ട.സ്പെഷ്യൽ സെക്രട്ടറിക്ക് പ്രതിമാസം 10,000/- രൂപ വീതം പ്രതിഫലം നൽകുന്നു. ജി.ഒ.(എം.എസ്)17/2005/ജി.ഇ.ഡി.എൻ തീ.28.05.2005 പ്രകാരമുള്ള സീമാറ്റ് മെമ്മോറാണ്ടം ഓഫ് അസോസിയേഷനിലെ ഖണ്ഡിക 45(iii)ൽ പുതിയ തസ്തിക സൃഷ്ടിക്കുന്നതിന് സർക്കാർ അനുമതി ആവശ്യമാണെന്നും 45(iii)(b)യിൽ എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് കരാർ നിയമനങ്ങൾ നടത്താമെന്നും വ്യവസ്ഥ ചെയ്യുന്നു. കൂടാതെ 09.07.2019 തീയതിയിലെ ജി.ഒ.(പി)81/2019/

ഫിൻ ഉത്തരവു പ്രകാരം വിരമിച്ച സർക്കാർ ജീവനക്കാരനെ കോൺട്രാക്ടു് വ്യവസ്ഥയിൽ നിയമിക്കുന്നതിന് മുൻപ് സർക്കാർ അനുമതി വാങ്ങേണ്ടതും, മൂന്നു വർഷത്തിലധികമുള്ള കരാർനിയമനത്തിന് സർക്കാർ അംഗീകാരം വാങ്ങേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണം.12/23.03.2024 നുള്ള മറുപടിയിൽ 01.01.2019 ലെ 23 ാമത് എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനപ്രകാരമാണ് ശ്രീ.ജ്യോതിചൂഡൻ.ജി, റിട്ട.സ്പെഷ്യൽ സെക്രട്ടറിയെ നിയമോപദേശം നൽകുന്നതിനായി നിയമിച്ചതെന്നും നിയമനം കരാർ വ്യവസ്ഥയിലല്ലാത്തതിനാൽ മേൽപ്പറഞ്ഞ സർക്കാർ ഉത്തരവ് ബാധകമല്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. സീമാറ്റ് മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, ജി.ഒ(പി)81/2019/ഫിൻ തീയതി. 09.07.2019 എന്നിവയിലെ വ്യവസ്ഥകൾ ബാധകമല്ലെങ്കിൽ ലീഗൽ കൺസൾട്ടന്റിന് പ്രതിമാസ വേതനം നൽകുന്നതിന് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

1-13 ആദായനികുതി കുടിശ്ശിക ഒടുക്കിയില്ല

ആദായ നികുതി ഫയൽ പരിശോധിച്ചതിൽ ആദായനികുതി വകുപ്പിന്റെ കമ്മ്യൂണിക്കേഷൻ റഫറൻസ് നമ്പർ 15112021/00332/CD പ്രകാരം 2009-10 മുതൽ ആദായ നികുതി കുടിശ്ശികയായി 1,59,750/- രൂപ ഒടുക്കേണ്ടതായിട്ടുണ്ട്. സീമാറ്റ് കേരളയുടെ 03.07.2023 ലെ എഡി.എ2/312/2021 കത്തിൽ സീമാറ്റ് മുൻ ഡയറക്ടർ ശ്രീ. വൽസലകുമാറിന്റെ സ്വന്തം ശമ്പളത്തിൽ നിന്നും ഈടാക്കേണ്ടിയിരുന്ന 1,30,310/- രൂപ മേൽപ്പറഞ്ഞ കുടിശ്ശികയിൽ ഉൾപ്പെട്ടിട്ടുള്ളതായി മനസ്സിലാക്കുന്നു. ബാക്കി തുക യായ 29,440/- രൂപ ലേറ്റ് ഫയലിംഗുമായി ബന്ധപ്പെട്ട് വന്ന കുടിശ്ശികയാണ്. 1,59,750/- ആദായ നികുതി കുടിശ്ശിക ഒടുക്കുന്നതിലേക്കായി സ്വീകരിച്ച തുടർ നടപടികൾ വ്യക്തമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണം. 14/23.03.2024 നുള്ള മറുപടിയിൽ ടി വിഷയം 29.02.2024 ലെ എക്സിക്യൂട്ടീവ് കമ്മറ്റിയുടെ 30 ാമത് യോഗത്തിന്റെ പരിഗണനക്കായി സമർപ്പിച്ചിരുന്നെന്നും സീമാറ്റ് മുൻ ഡയറക്ടർ ശ്രീ. വൽസലകുമാറിന്റെ സ്വന്തം ശമ്പളത്തിൽ നിന്ന് TDS പിടിച്ച് ഒടുക്കാത്തതുമായി ബന്ധപ്പെട്ട് വന്ന കുടിശ്ശികയായ 1,30,310/- രൂപ ഒരു മാസത്തിനകം ഇൻസ്റ്റിറ്റ്യൂട്ടിന്റെ അക്കൗണ്ടിൽ ഒടുക്കാനായി ശ്രീ. വൽസലകുമാറിന് നോട്ടീസ് നൽകാൻ കമ്മറ്റിയിൽ തീരുമാനിച്ചെന്നും വ്യക്തമാക്കിയിട്ടുണ്ട്. ശമ്പളത്തിൽ നിന്ന് TDS പിടിച്ച് ഒടുക്കാത്തതുമായി ബന്ധപ്പെട്ട് വന്ന കുടിശ്ശിക സീമാറ്റ് മുൻ ഡയറക്ടർ ശ്രീ. വൽസലകുമാറിൽ നിന്നും ഈടാക്കുന്നതിനും ലേറ്റ് ഫയലിംഗുമായി ബന്ധപ്പെട്ട കുടിശ്ശിക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടി വിവരം അറിയിക്കേണ്ടതുമാണ്.

ഭാഗം -2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 ഗ്രാന്റുകളുടെ വിവരം

1) സർക്കാർ ഗ്രാന്റ്

ക്രമ നം.	ഉത്തരവ് നമ്പർ	തുക	തുക ലഭിച്ച തീയതി
1	G.O.(Rt) No.2913/2022/G.Edn Dated 12.05.2022	1,00,00,000	16.05.22
2	G.O.(Rt) No.6545/2022/G.Edn Dated 08.11.2022	92,00,000	22.11.22
3	G.O.(Rt) No.1195/2023/G.Edn Dated 02.03.2023	56,00,000	10.03.23
	ആകെ -	2,48,00,000	

2) മറ്റ് ഗ്രാന്റുകൾ

ക്രമ നം.		ഉത്തരവ് നമ്പർ	തുക	തുക ലഭിച്ച തീയതി
1	Grant in aid from SSK &STARS	F3/6174/2022/1/SSK/STARS Dated 18.03.2023	80,00,000	25.03.23
2	HSS Grant in aid	ലഭ്യമല്ല	20,00,000	24.03.23
3	Grant in aid from VHSE	ലഭ്യമല്ല	10,00,000	18.03.23
4	Grant in aid from NIEPA	F.No-25/1/NIEPA-NCSL/SLA2022 Dated 05.09.2022	7,35,000	13.01.23

5	Grant from Saksharatha Mission	ലഭ്യമല്ല	38,154	25.07.22

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സാമ്പത്തിക നില

മുന്നിരിപ്പ്	26,88,990
വരവ്	3,66,67,919
ആകെ	3,93,56,909
ചെലവ്	2,63,48,825
നീക്കിയിരിപ്പ്	1,30,08,084

നീക്കിയിരിപ്പിന്റെ വിശദാംശം

ക്യാഷ് ഇൻ ഹാൻഡ്	4,531
എസ്.ബി.ഐ	1,19,90,008
ട്രഷറി	10,13,545
ആകെ	1,30,08,084

4-2 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ആകെ വരവ്	3,93,56,909
ആകെ ചെലവ്	2,63,48,825
നിരാകരിച്ച തുക	ഇല്ല
തടസ്സപ്പെടുത്തിയ തുക	ഇല്ല

(ബി) സീമാറ്റ് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവയുടെ വിവരം

ഇല്ല

(ഇ) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

4-3 ഓഡിറ്റ് ചാർജ്

സ്ഥാപനത്തിന്റെ ഓഡിറ്റ് ചാർജ്ജ് നാളിതുവരെ കണക്കാക്കി ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതാണ്.

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 6.12.2024 ലെ ഡി.കെ.എസ്.എ *ആർ2/*2024 നമ്പർ കത്ത് പ്രകാരം സീമാറ്റ് കേരള യെ ഓഡിറ്റ് ചാർജ്ജിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് അറിയിക്കുകയും മുൻവർഷങ്ങളിലെ ഓഡിറ്റ് ചാർജ്ജ് കണക്കാക്കി കുടിശ്ശികയായി കണക്കാക്കി റിപ്പോർട്ടിൽ ഉൾപ്പെടുത്തുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് ചാർജ്ജ് കണക്കാക്കുന്നു.സ.ഉ.(പി)നം.368/09/ധന തീയതി 28.08.2009 പ്രകാരം സ്ഥാപനത്തിന്റെ തനതു വരുമാനത്തിന്റെ 1% നിരക്കിലാണ് ഓഡിറ്റ് ചാർജ്ജ് നിർണ്ണയിക്കുന്നത്. സ്ഥാപനത്തിന്റെ വാർഷിക കണക്കുകൾ പ്രകാരമുള്ള തനതു വരവിനെ അടിസ്ഥാനമാക്കി ചുവടെ പറയും പ്രകാരം ഓഡിറ്റ് ചാർജ്ജ് നിർണ്ണയിച്ചിരിക്കുന്നു.

2005-06

ആകെ തൻ വർഷ വരവ്		1000000
(ഋണശീർഷകങ്ങൾ)		1000000
ഗ്രാന്റ് ഇൻ എയ്ഡ്	1000000	
ഓഡിറ്റ് ചാർജ്ജ് കണക്കാക്കാവുന്ന വരവ്		0
ഓഡിറ്റ് ചാർജ്ജ്		0

2006-07

ആകെ തൻവർഷ വരവ്		4435456
(ഋണശീർഷകങ്ങൾ)		4402954
ഗ്രാന്റ് ഇൻ എയ്ഡ് (പ്രോജക്ടുകൾക്കായി)	2500000	
ഗ്രാന്റ് ഇൻ എയ്ഡ് (മറ്റു ചെലവുകൾക്കായി	1000000	
ലോണുകൾ, മുൻകൂറുകൾ തിരികെ ലഭിച്ചത്	781000	
ന്യൂൺ മീൽ സ്കീം	121954	
ഓഡിറ്റ് ചാർജ്ജ് കണക്കാക്കാവുന്ന വരവ്		32502
ബാങ്ക് പലിശ	32502	
ഓഡിറ്റ് ചാർജ്ജ് 0.5% നിരക്കിൽ		163

2007-08

ആകെ തൻവർഷ വരവ്		**10135315**
(ഋണശീർഷകങ്ങൾ)		10046530
വി.എച്ച്.എസ്.ഇ ഓപ്ഷണൽ സ്റ്റാഫ് ടെയിനിംഗ് പ്രോഗ്രാം ഫണ്ട്	10,00,000	
ജി.പി.എഫ് ആന്റ് ജി.എസ്.ഐ (ഡയറക്ടറുടെ)	6,600	
സ്ഥിരനിക്ഷേപം	15,00,000	
ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് (എച്ച്.എസ്.എസ് പ്രിൻസിപ്പൽ ടെയിനിംഗ്)	7,38,060	
ഗ്രാന്റ് ഇൻ എയ്ഡ് (അഡ്മിൻ. എക്സ്പൻസ്- സ്റ്റേറ്റ്)	10,00,000	
റീ ഇംപേഴ്സ്മെന്റ് ഫ്രം ഡി.പി.ഐ	3,01,420	
എസ്.എസ്.എ ഗ്രാന്റ്	55,00,000	
ഡി.പി.ഐ. എച്ച്.എസ്.ഇ പ്രോഗ്രാം	450	
ഓഡിറ്റ് ചാർജ്ജ് കണക്കാക്കാവുന്ന വരവ്		88785
ബാങ്ക് പലിശ	68019	
സ്ഥിരനിക്ഷേപത്തിൽ നിന്നുള്ള പലിശ	18760	
മിസലേനിയസ് ഇൻകം	2006	
ഓഡിറ്റ് ചാർജ്ജ് 0.5% നിരക്കിൽ		444

2008-09

ആകെ തൻവർഷ വരവ്		1,91,49,407.5
(ഋണശീർഷകങ്ങൾ)		1,88,00,000
ഗ്രാന്റ് ഇൻ എയ്ഡ് (അഡ്മിൻ എക്സ്പൻസ്- സ്റ്റേറ്റ്)	1,00,00,000	
എസ്.എസ്.എ ഗ്രാന്റ് (കെട്ടിട നിർമ്മാണത്തിന്)	88,00,000	
ഓഡിറ്റ് ചാർജ്ജ് കണക്കാക്കാവുന്ന വരവ്		3.49,407.5
ബാങ്ക് പലിശ	3,43,963.50	
മിസലേനിയസ് വരവ്	5,444	
ഓഡിറ്റ് ചാർജ്ജ്0.5% നിരക്കിൽ		1747

2009-10

ആകെ തൻവർഷ വരവ്		**2,19,69,259.65**
(ഋണശീർഷകങ്ങൾ)		**2.13,59,959**
എസ്.എസ്.എ ഗ്രാന്റ് (ബിൽഡിംഗ്)	30,00,000	
സ്ഥിരനിക്ഷേപം	33,59,959	
ഗ്രാന്റ് ഇൻ എയ്ഡ് സ്റ്റേറ്റ് ഗവൺമെന്റ്	1,50,00,000	
ഓഡിറ്റ് ചാർജ്ജ് കണക്കാക്കാവുന്ന വരവ്		**609300.65**
ബാങ്ക് പലിശ	26,445	
സ്ഥിരനിക്ഷേപത്തിൽ നിന്നുള്ള പലിശ	5,78,519.65	
മറ്റ് വരവുകൾ	4,336	
ഓഡിറ്റ് ചാർജ്ജ് 1% നിരക്കിൽ		6093

2010-11

ആകെ തൻവർഷ വരവ്		**3,29,07,454**
(ഋണശീർഷകങ്ങൾ)		**3,27,00,000**
എസ്.എസ്.എ ഗ്രാന്റ് (കെട്ടിടത്തിന്)	92,00,000	
സ്ഥിരനിക്ഷേപം (matured)	75,00,000	
സംസ്ഥാന സർക്കാർ ഗ്രാന്റ്	1,60,00,000	
ഓഡിറ്റ് ചാർജ്ജ് കണക്കാക്കാവുന്ന വരവ്		**207454**
ബാങ്ക് പലിശ	31,052	
ബാങ്ക് പലിശ (സ്ഥിരനിക്ഷേപം)	1,61,402	
വാടക വരവ്	15,000	
ഓഡിറ്റ് ചാർജ്ജ് (1%)		**2075**

2011-12

ആകെ തൻവർഷ വരവ്		**2,52,01,135**
ഋണ ശീർഷകങ്ങൾ		**25166128**
സ്ഥിരനിക്ഷേപം	41,23,893	

സംസ്ഥാന സർക്കാർ ഗ്രാന്റ്	1,60,00,000	
കോഴ്സ് ഫീ (വി.എച്ച്.എസ്.ഇ യിൽ നിന്ന്)	50,01,700	
കോഴ്സ് ഫീ (എസ്.ഐ.ഇ.പി യിൽ നിന്ന്)	40,535	
ഓഡിറ്റ് ചാർജ്ജ് കണക്കാക്കാവുന്ന വരവ്		
ബാങ്ക് പലിശ	28,672	**35007**
മറ്റ് വരവുകൾ	6,335	
ഓഡിറ്റ് ചാർജ്ജ് (1%)		**350**

2012-13

ആകെ വരവ്		**22625704**
ഋണശീർഷകങ്ങൾ		
എസ്.ഐ.ഇ പി യിൽ നിന്നുള്ള മുൻകൂർ	26,394	
സംസ്ഥാന സർക്കാർ ഗ്രാന്റ്	2,00,00,000	
വി.എച്ച്. എസ്. ഇ യിൽ നിന്നുള്ള ഫണ്ട്	5,09,300	**22579334**
നിക്ഷേപങ്ങൾ	20,00,022	
യാത്രാ ബത്ത തിരികെ (വി.എച്ച്.എസ്.ഇ ഡയറക്ടർ)	43,618	
ഓഡിറ്റ് ചാർജ്ജ് കണക്കാക്കാവുന്ന വരവ്		
ബാങ്ക് പലിശ	42188	**46370**
മറ്റ് വരവുകൾ	4182	
ഓഡിറ്റ് ചാർജ്ജ് (1%)		**464**

2013-14

ആകെ തൻവർഷ വരവ്		3,03,14,862
(ഋണശീർഷകങ്ങൾ)		
സംസ്ഥാന സർക്കാർ ഗ്രാന്റ്	2,50,00,000	
ഗ്രാന്റ് (വിഷൻ 2020)	50,00,000	3,00,40,068
മുൻകൂർ തീർപ്പാക്കിയത്	40,068	
ഓഡിറ്റ് ചാർജ്ജ് കണക്കാക്കാവുന്ന വരവ്		
ബാങ്ക് പലിശ	1,65,474	
ബുക്ക് വിൽപ്പന	1,08,462	2,74,794
ആർ.റ്റി.ഐ	90	
മിസലേനിയസ് വരവ്	768	
ഓഡിറ്റ് ചാർജ്ജ്		2,750

2014-15

ആകെ തൻവർഷ വരവ്		3,34,53,372
(ഋണശീർഷകങ്ങൾ)		
സംസ്ഥാന സർക്കാർ ഗ്രാന്റ്	2,60,00,000	
നിരദ്ദ്രവ്യം	14,244	
റ്റി.ഡി.എസ്	17,150	3,28,47,402
ഓവർഡ്രാഫ്റ്റ് (സ്ഥിരനിക്ഷേപത്തിൻമേൽ)	10,00,000	
സ്ഥിരനിക്ഷേപം	58,16,008	
ഓഡിറ്റ് ചാർജ്ജ് കണക്കാക്കാവുന്ന വരവ്		

ബാങ്ക് പലിശ	61,604	6,05,970
സ്ഥിരനിക്ഷേപ പലിശ	4,56,313	
ബുക്ക് വിൽപ്പന	56,226	
ആസ്തി വിൽപ്പന	30,000	
ആർ.റ്റി.ഐ	390	
മറ്റ് പലിശ(സ്റ്റാഫ്)	109	
മിസലേനിയസ് വരവ്	1,328	
ഓഡിറ്റ് ചാർജ്ജ്		6060

2015-16

ആകെ തൻവർഷ വരവ്		2,76,02,715
(ഋണശീർഷകങ്ങൾ)		2,62,23,294
സ്റ്റേറ്റ് ഗ്രാന്റ്	1,60,00,000	
സ്ഥിരനിക്ഷേപം	59,74,921	
എച്ച്.എസ്. എസ് ഗ്രാന്റ്	40,00,000	
റ്റി.ഡി.എസ് ലഭിച്ചത്	2,33,373	
എസ്.ബി.റ്റി യിൽ നിന്നുള്ള സ്പോൺസർഷിപ്പ് (INCEMA programme)	15,000	
ഓഡിറ്റ് ചാർജ്ജ് കണക്കാക്കാവുന്ന വരവ്		13,79,421
ഹാൾ വാടക	7,21,800	
സ്ഥിരനിക്ഷേപത്തിൽ നിന്നുള്ള പലിശ	4,96,383	
പുസ്തക വിൽപ്പന	89,135	
ബാങ്ക് പലിശ	71,613	
ആർ.റ്റി.ഐ	132	
മിസലേനിയസ് വരവ്	358	
ഓഡിറ്റ് ചാർജ്ജ് 1%		13,794

2016-17

ആകെ തൻവർഷ വരവ്		2,54,21,194
(ഋണശീർഷകങ്ങൾ)		24852163
സ്ഥിരനിക്ഷേപങ്ങൾ	6421989	
ഗ്രാന്റ്	16400000	
വി.എച്ച്.എസ്.ഇ ഗ്രാന്റ്	398895	
റ്റി.ഡി.എസ്	24576	
എച്ച്. എസ് ഡയറക്ടറിൽ നിന്നുള്ള ഫണ്ട്	1500000	
ടെമ്പററി അഡ്വാൻസ്	106703	
ഓഡിറ്റ് ചാർജ്ജ് കണക്കാക്കാവുന്ന വരവ്		569031
ഹാൾ വാടക	44200	
സ്ഥിരനിക്ഷേപങ്ങളിൽ നിന്നുള്ള പലിശ	437741	
ബുക്ക് വിൽപ്പന	4605	
ബാങ്ക് പലിശ	80058	
ആർ.റ്റി.ഐ	10	
മിസലേനിയസ് വരവ്	2417	
ഓഡിറ്റ് ചാർജ്ജ്		5690

2017-18

ആകെ തൻവർഷ വരവ്		32088068
(ഋണശീർഷകങ്ങൾ)		3,15,22,588
സ്ഥിരനിക്ഷേപങ്ങൾ	68,29,064	
സംസ്ഥാന ഗ്രാന്റ്	2,30,00,000	
എച്ച്.എസ്.എസ് ഗ്രാന്റ്	15,00,000	
റ്റി.ഡി.എസ്	1,93,524	
ഓഡിറ്റ് ചാർജ്ജ് കണക്കാക്കാവുന്ന വരവ്		5,65,480
സ്ഥിരനിക്ഷേപങ്ങൾക്കുള്ള പലിശ	3,39,374	
ബാങ്ക് പലിശ	2,00,941	
വാടക	24,200	
ബുക്ക് വിൽപ്പന	935	
ആർ.ടിഐ	30	
ഓഡിറ്റ് ചാർജ്ജ്		5655

2018-19

ആകെ തൻവർഷ വരവ്		16753065
(ഋണശീർഷകങ്ങൾ)		16046033
സ്ഥിരനിക്ഷേപങ്ങൾ	3499617	
സംസ്ഥാന സർക്കാർ ഗ്രാന്റ്	1,24,00,000	
ടെമ്പററി അഡ്വാൻസ് (പ്രോഗ്രാം)	92,354	
സാലറി റീഫണ്ട്	30,548	
ഇൻഷുറൻസ് ക്ലെയിം	22,519	
അഡ്വാൻസ്- അക്കൌണ്ട്സ് ഓഫീസർ	995	
ഓഡിറ്റ് ചാർജ്ജ് കണക്കാക്കാവുന്ന വരവ്		707032
ഹാൾ വാടക	318700	
സ്ഥിരനിക്ഷേപങ്ങളിൽ നിന്നുള്ള പലിശ	229408	
ന്യൂസ് പേപ്പർ	1150	
ബാങ്ക് പലിശ	107351	
ആർ.റ്റി.ഐ	368	
പ്രയർ പിരീഡ് ഇൻകം	50055	
ഓഡിറ്റ് ചാർജ്ജ്		7070

2019-20

ആകെ തൻവർഷ വരവ്		20323262
(ഋണശീർഷകങ്ങൾ)		20175000
ഗ്രാന്റ്	17800000	
എച്ച്.എസ്.എസ് ഗ്രാന്റ്	20,00,000	
ഗ്രാന്റ് (എൻ.ഇ.ഐ.പി.എ)	3,00,000	
ടെമ്പററി അഡ്വാൻസ്	75,000	
ഓഡിറ്റ് ചാർജ്ജ് കണക്കാക്കാവുന്ന വരവ്		148262
ഹാൾ വാടക	39900	
ആർ.റ്റി.ഐ	430	

ബുക്ക് വിൽപ്പന	27885	
ബാങ്ക് പലിശ	78167	
പ്രയർ പിരീഡ് ഇൻകം	1880	
ഓഡിറ്റ് ചാർജ്ജ്		1483

2020-21

ആകെ തൻവർഷ വരവ്		14482495
(ഋണശീർഷകങ്ങൾ)		14390525
സർക്കാർ ഗ്രാന്റ്	12000000	
സർക്കാർ ഗ്രാന്റ്(2019-20	1890525	
ഗ്രാന്റ് (എൻ.ഇ.യു.പി.എ)	500000	
ഓഡിറ്റ് ചാർജ്ജ് കണക്കാക്കാവുന്ന വരവ്		91970
ഹാൾ വാടക	10000	
ആർ.റ്റി.ഐ	74	
ബുക്ക് വിൽപ്പന	825	
ബാങ്ക് പലിശ	81071	
ഓഡിറ്റ് ചാർജ്ജ്		920

2021-22

ആകെ തൻവർഷ വരവ്		23043546
(ഋണശീർഷകങ്ങൾ)		22944956
സർക്കാർ ഗ്രാന്റ്	20000000	
എച്ച്.എസ്.എസ് ഗ്രാന്റ്	810600	
ഗ്രാന്റ് (എൻ.ഇ.ഐ.പി.എ)	180007	
റീഫണ്ട് ഓഫ് റെസ്യൂമ്ഡ് ഗ്രാന്റ്	1829161	
റീഫണ്ട് ഓഫ് ടെമ്പററി അഡ്വാൻസ്	125000	
റീഫണ്ട് ഓഫ് ഡെപ്പാസിറ്റ്	188	
ഓഡിറ്റ് ചാർജ്ജ് കണക്കാക്കാവുന്ന വരവ്		98590
ഹാൾ വാടക	14000	
ആർ.റ്റി.ഐ	347	
ബാങ്ക് പലിശ	60134	
പ്രയർ പിരീഡ് ഇൻകം	11142	
പഴയ പത്രങ്ങളുടെ വിൽപ്പന	12967	
ഓഡിറ്റ് ചാർജ്ജ്		986

2022-23

ആകെ തൻവർഷ വരവ്		36667919
(ഋണശീർഷകങ്ങൾ)		36574154
സർക്കാർ ഗ്രാന്റ്	24800000	
എസ് എസ്.കെ ഗ്രാന്റ്	8000000	
എച്ച്.എസ്.എസ് ഗ്രാന്റ്	2000000	
ഗ്രാന്റ് (വി.എച്ച് എസ് ഇ)	1000000	
ഗ്രാന്റ് (എൻ.ഐ ഇ പി എ)	735000	
സാക്ഷരതമിഷൻ ഗ്രാന്റ്	38154	

പ്രോഗ്രാം /ആക്ടിവിറ്റീസ് റിട്ടേൺ	1000	
ഓഡിറ്റ് ചാർജ്ജ് കണക്കാക്കാവുന്ന വരവ്		93765
ഹാൾ വാടക	7,000	
ബാങ്ക് പലിശ	26,302	
കാർ വിൽപന	60,288	
മറ്റ് വരവുകൾ	175	
ഓഡിറ്റ് ചാർജ്ജ്		938

വർഷം	ഓഡിറ്റ് ചാർജ്ജ്
2005-06	0
2006-07	163
2007-08	444
2008-09	1747
2009-10	6093
2010-11	2075
2011-12	350
2012-13	464
2013-14	2750
2014-15	6060
2015-16	13794
2016-17	5690
2017-18	5655
2018-19	7070
2019-20	1483
2020-21	920
2021-22	986
2022-23	938
ആകെ	**56682**

ഓഡിറ്റ് ചാർജിനത്തിൽ നാളിതുവരെ ഒടുക്കാനുള്ള തുകയായ 56,682/- രൂപ “0070-60-110-99 ഓഡിറ്റ് ചാർജ്" എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കി അസൽ ചെലാൻ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, വികാസ് ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതും പ്രസ്തുത വിവരം ഈ ഓഫീസിനെ അറിയിക്കേണ്ടതുമാണ്.

4-4 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
2005-06, 2006-07, 2007-08	കെ.എസ്.എ.റ്റി.വി.എം./മിസ്.1/1390/2017 തീയതി. 05.10.2017	5
2008-2009 മുതൽ 2010-2011 വരെ	കെ.എസ്.എ.റ്റി.വി.എം./മിസ്.1/134/2018 തീയതി. 31.01.2018	13
2011-2012 മുതൽ	കെ.എസ്.എ.റ്റി.വി.എം./മിസ്.1/1014/2018 തീയതി. 08.05.2018	16

2015-16 വരെ		
2016-2017 മുതൽ 2017-18 വരെ	കെ.എസ്.എ.റ്റി.വി.എം./മിസ്.1/1004/2019 തീയതി. 08.10.2020	5
2018-19	കെ.എസ്.എ.റ്റി.വി.എം./മിസ്.1/1214/2020 തീയതി. 01.02.2021	4
2019-20	കെ.എസ്.എ.റ്റി.വി.എം./മിസ്.1/503/2021 തീയതി. 03.05.2021	7
2020-21	കെ.എസ്.എ.റ്റി.വി.എം./മിസ്.1/1552/2022 തീയതി. 30.03.2023	2
2021-22	കെ.എസ്.എ.റ്റി.വി.എം./മിസ്.1/934/2023 തീയതി. 06.07.2023	4

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

1

വരവ് ചെലവ് പത്രിക

വരവ്	തുക	ചെലവ്	തുക
Opening balance Cash in hand – 9,110 cash at bank SBI - 16,66,335 Treasury - 10,13,545	26,88,990	Salaries and allowances	93,01,518
State Grant	2,48,00,000	Programmes and activities(Net)	1,31,43,098
Grant in aid from SSK&STARS	80,00,000	Programmes and activities HSS	4,60,462
HSS Grant in aid	20,00,000	Programmes and activities NIEPA	4,55,290
Grant in aid from VHSE	10,00,000	Programmes and activities CPFSL	41,792
Grant in aid from NIEPA	7,35,000	Programmes and activities KSLMA	38154
Sale of Motor Car	60,288	Resumption of Stage Grant	6,25,915
Grant from Saksharatha mission	38,154	Resumption of HSS Grant	3,24,914
Bank interest SB	26,302	Resumption of NIEPA Grant	1,56,879
Hall rent	7,000	Fuel &Maintenance of Vehicle	5,36,552
Programmes & activities Return	1,000	Recurring Expenditure	4,57,675
Sale of books	165	Consultation/Meeting/Sitting fee	3,78,749
RTI	10	Office Expenses	1,92,387
		Other Expenses	1,68,354
		Audit Fee 2021-22	40,000
		Periodicals/journal/Newspaper	25,350
		EDLI Administration Charges	1,470
		Bank Charges	266
		Closing balance Cash in hand – 4,531 cash at bank SBI – 1,19,90,008 Treasury - 10,13,545	1,30,08,084
Total	**3,93,56,909**	**Total**	**3,93,56,909**

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

2

ഓഡിറ്റ് സാക്ഷ്യപത്രം

സീമാറ്റ് കേരളയുടെ 2022-23 വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഇതു സംബന്ധിച്ച നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം